ബാലസാഹിത്യം നമ്പർ 13.

E636

# റോഡ്ഗീത

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
കലയിൻകീഴ്

4943

പന്തളം
രാഘവപ്പണിക്കർ

ഗ്രേഡ് II

E636

# മുഖവുര

മോട്ടോർവാഹനങ്ങളുടെ ബാഹുല്യത്തോടുകൂടി അനുനിമിഷമെന്നപോലെ സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടങ്ങളെ കഴിയുന്നതും തടയുന്നതിനു പ്രേരണ നൽകണമെന്നുള്ളതാണ് ഈ ലഘുഗ്രന്ഥപ്രസിദ്ധീകരണത്തിന്റെ ഉദ്ദേശ്യം. അജ്ഞത, അശ്രദ്ധ, അഹങ്കാരം എന്നീ ദോഷങ്ങളാണ് വാഹനവിപത്തുകളിൽ 90 ശതമാനത്തിന്റെയും നിദാനം. പൊതുജനങ്ങളും യാത്രക്കാരും വാഹനനിയന്താക്കളും അറിഞ്ഞു പ്രവർത്തിക്കേണ്ട പല കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തീട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ ബഹുജനങ്ങൾ സശ്രദ്ധം പ്രവർത്തനത്തിൽ വരുത്തുമെങ്കിൽ അതുതന്നെ ഒരു ആത്മരക്ഷോപായമായിരിക്കും.

തുറവൂർ
1—12—53

പ്രസാധകർ.

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്
4943
E636

# റോഡ്ഗീത

1

വാഹനം മൂലമുണ്ടാകു-
മാപത്തേറുന്നു നാൾക്കുനാൾ
അതിനെത്തടയാൻ മർത്ത്യ-
നതിശ്രദ്ധ ചെലുത്തണം.

2

സൂക്ഷ്മതക്കുറവൊന്നത്രേ
ദുഃഖത്തിൻ മുഖ്യകാരണം;
അതുകൊണ്ടുളവാകുന്നു
ലോകർക്കേറെ വിപത്തുകൾ.

3

റോഡിലുണ്ടാമപായങ്ങ-
ളോരോന്നുമൊഴിവാക്കുവാൻ
മതിമാന്മാർ കഥിച്ചുള്ള
മുഖ്യമാർഗ്ഗങ്ങളോതിടാം:—

4

കുട്ടികൾ, സൈക്കിളോടിപ്പോർ,
മോട്ടോറിൽ സഞ്ചരിക്കുവോർ,
കാൽനടക്കാരുമെപ്പേരു-
മിവയോർപ്പതവശ്യമാം

5

റോഡിൽ വലത്തുഭാഗത്തു
ചേർന്നൊഴിഞ്ഞുനടക്കണം;
അന്യകാര്യങ്ങൾ ചിന്തിച്ചു
മർഗ്ഗമദ്ധ്യേ ചരിക്കൊലാ.

6

വിചാരമഗ്നരായിട്ടു
വല്ലപാടും നടക്കുകിൽ
വണ്ടിമുട്ടിയപായങ്ങ-
ളുണ്ടാകാം പലമട്ടിലും.

7

കൂട്ടുകാരൊത്തു സല്ലാപം
ചെയ്തീടാനുമലക്ഷ്യമായ്
കാഴ്ചകണ്ടു രസിക്കാനും
നാട്ടുപാതയിൽ നില്ലൊലാ.

8

വേഗം വാഹനമോരോന്നും
വന്നും പോയുമിരിക്കയാൽ
തെരുവിൽ കളിയാടാനും
മുതിരുന്നതയുക്തമാം.

9

വല്ല വണ്ടികളും കണ്ടാ-
ലവതൻ പിന്നിലെപ്പൊഴും
പിടിച്ചു വേഗമോടീടാൻ
തുനിയും ചില കുട്ടികൾ.

10

കളിപ്പാട്ടങ്ങളോ പന്തോ
റോഡിൽചെന്നു പതിക്കുകിൽ,
കുതിച്ചോട്ടമെടുക്കാനായ്
കൂസലില്ലാതെ കുട്ടികൾ.

11

ബുദ്ധിശ്ശൂന്യതയാൽ ലവം
സാഹസം ബാലർ കാട്ടിടും;
വണ്ടിവേഗമടുത്തീടിൽ
കഴിയും കഥയപ്പൊഴേ.

12

നാം ചരിക്കുന്ന മാർഗ്ഗങ്ങൾ
വൃത്തികേടായ് കിടക്കുകിൽ
അത്തരത്തിലുമാപത്തു
വന്നുകൂടാനെളുപ്പമാം.

13

പഴത്തൊലികളോ, മററു
ചീഞ്ഞളിഞ്ഞ പദാർത്ഥമോ,
മാർഗ്ഗമദ്ധ്യത്തെറിഞ്ഞീടാൻ
കാണിക്കും ചിലർ കൌതുകം.

14

ചപ്പുചിപ്പുകളമ്മട്ടു
കുപ്പിതൻ കഷണങ്ങളും
റോഡിൽ വാരിവിതച്ചീടാ-
നൊട്ടും കൂട്ടാക്കിടാ ചിലർ.

15

ഇതുകൊണ്ടു ഭവിച്ചീടും
ഭവിഷ്യത്തെന്തറിഞ്ഞവർ?
ബോധമില്ലായ്മ മർത്ത്യർക്കു
വന്നാലിത്ര വരാവതോ?

16

വണ്ടിപോകുന്ന മാർഗ്ഗത്തിൽ
കണ്ട കല്ലുകൾ കൂട്ടുവാൻ,
പണ്ടേ കുസൃതി കാട്ടുന്നോർ-
ക്കുണ്ടു വൈഭവമേററവും.

17

അതുമൂലമനേകം പേർ
മൃതരാകാനെളുപ്പമാം;
പ്രാണന്റെ വിലയെന്തെന്നാ
വീണന്മാരറിയാ ദൃഢം!

18

വല്ല വണ്ടികളും വേഗം
വന്നടുത്തെന്നിരിക്കിലോ,
വെമ്പലാൽ ചുററിയോടീടാൻ
തുനിയുന്നതബദ്ധമാം.

19

ചാഞ്ചല്യം തെല്ലുമില്ലാതെ
ധീരരായ് നിന്നുകൊള്ളണം;
ആപത്തൊഴിക്കുവാൻ ധൈര്യ-
മൊന്നാന്തരമുപായമാം.

20

വാഹനങ്ങൾ നിയന്ത്രിക്കാൻ
നില്ക്കും പോലീസുകാരനിൽ,
വ്യക്തിസ്വാതന്ത്ര്യമിഛരിച്ചു
വൈരം കാട്ടാനൊരുങ്ങൊലാ.

21

പാതയിൽ കുറുകെപ്പോകാ-
നാഗ്രഹിക്കുന്നുവെങ്കിലോ,
നില്ക്കു, നോക്കുക, ചിന്തിക്ക-
യിവ ചെയ്യണമാദ്യമായ്.

22

ഓടും വണ്ടികൾതൻ പിന്നിൽ
ചേർന്നു പോയിടുമെങ്കിലോ,
അതുകൊണ്ടും വിനാശങ്ങ-
ളുളവാമെന്നതോർക്കണം.

23

നടപ്പാതകളുണ്ടെങ്കിൽ
കാൽനടക്കാരശേഷവും,
അവയിൽക്കൂടിയല്ലാതെ
പദമൂന്നുക നിന്ദ്യമാം.

24

കൊച്ചുകുട്ടികളോടൊത്തു
റോഡിൽ പോകുമ്പൊഴായവർ
സ്വച്ഛരാനുസരണം ചാടി-
പ്പോകാതവരെ നോക്കണം.

25

നടപ്പാതകൾ റോഡിൻെറ
രണ്ടുഭാഗത്തു കാൺകിലും,
കാൽനടക്കാർ വലത്തുള്ള
പാതനോക്കിഗ്ഗമിക്കണം.

26

വാമഭാഗത്തുകൂടെന്യേ
കേറൊലാ വാഹനങ്ങളിൽ
നടപ്പാതയിലേക്കല്ലൊ-
തിറങ്ങീടൊല്ലൊരിക്കലും.

27

ട്രാഫിക്കിൻ ലക്ഷ്യമോതീട-
മടയാളങ്ങൾ കാണുകിൽ
യാത്രക്കാർവയോരോന്നു-
മാദരിക്കണമപ്പൊഴേ.

28

സൈക്കിളിൽ സഞ്ചരിക്കുന്നോ-
രോർക്കാനായ് ചിലതൊക്കെയും
മുഖ്യമായുള്ള കാര്യങ്ങൾ-
മാത്രം ചൊല്ലാം ചുരുക്കമായ്.

29

ജനങ്ങളധികം കൂട്ടം
തെരുവീഥികളിൽ ചിലർ
സൈക്കിളോടിച്ചു പോകുന്നു.
കാഴ്ചയെത്ര ഭയങ്കരം!

30

ചിലർ സൈക്കിളിലഭ്യാസം
കാട്ടും കൈവിട്ടിടയ്ക്കിടെ;
ഇവ പാന്ഥരെയും തന്നെ-
ത്തന്നെയും വീഴ്ത്തിടും ദൃഢം.

31

നിരന്നു പലരൊന്നിച്ചും,
നിലവിട്ടു പിണങ്ങിയും,
സൈക്കിളോടിച്ചിടുന്നാകി-
ലപായകരമാണതും.

32

സ്വന്തം ജീവൻ ഗണിക്കാതെ
ശീഘ്രം സൈക്കിൾ വിടുന്നവർ,
അന്യന്റെ ജീവനെപ്പററി
വിഗണിപ്പതു നീതിയോ?

33

സൈക്കിളോടിച്ചിടുന്നേര-
മാപത്തില്ലാതിരിക്കുവാൻ,
'ബ്രെയിക്കിൻ' നില നന്നായി-
പ്പരിശോധിച്ചിടേണ്ടതാം.

34

ആളു തിങ്ങിവരും രാജ-
പാതയിൽ സഞ്ചരിക്കുകിൽ,
താഴത്തിറങ്ങണം സൈക്കി-
ളുന്തിക്കൊണ്ടു നടക്കണം.

35

മററു വാഹനമോട്ടമ്പോ-
ളതിൻ പിറകിലൂടെയായ്,
സൈക്കിളോടിച്ചു പോകുന്ന-
തത്യാപൽക്കരമെത്രയും.

36

അന്യരെച്ചേർത്തിരുത്തീട്ടു
സൈക്കിൾയാത്ര നടത്തുകിൽ,
അവിചാരിതമാമാപൽ-
ക്കുഴിയിൽ ചെന്നു വീണിടാം.

37

വിളക്കില്ലാതെയും പിന്നിൽ
'ബിംബകക്കല്ലു'മെന്നിയേ,
വണ്ടി രാത്രിയിലോടിച്ചാ-
ലതു ശിക്ഷാർഹമായ്‌വരും.

38

അന്യയാത്രികർ പെട്ടെന്നു
സ്പഷ്ടമായിട്ടു കാണുവാൻ,
രാത്രിയിൽ സൈക്കിളോടിപ്പോർ
ശുഭ്രവസ്ത്രം ധരിക്കണം.

39

മോട്ടോർ വാഹനമോടിക്കും_
കൂട്ടരും ചിലതോർക്കുവാൻ
അടിയിൽ പറയുന്നോർക്കു-
മരുതേയിതിലപ്രിയം.

40

4943

കാറുകേറി മരിക്കുന്നു-
ണ്ടേറെയാളുകൾ നിത്യവും;
അതിശീഘ്രതയെപ്പോഴു-
മാപൽക്കാരണമായിടും.

41

രോഗബാധിത,രന്ധന്മാർ,
വൃദ്ധന്മാർ, കൊച്ചു കുട്ടികൾ,
സഞ്ചരിച്ചീടുവാനുള്ളോ-
രേവം പല തരത്തിലാം.

42

ആടുമാടുകളും റോഡി-
ലുണ്ടായീടാം പലപ്പോഴും
അവയ്ക്കും ഹാനിയേകാതെ
വാഹനങ്ങൾ നയിക്കണം.

43

ഇവ തെല്ലും ഗണിക്കാതെ
വണ്ടിദ്ദയാടിച്ചു പോവുകിൽ,
വന്നുകൂടുമനർത്ഥങ്ങ-
ളിന്നതെന്നോതുവാൻ പണി.

44

വാഹനങ്ങൾ തിരിക്കുമ്പോൾ
വിനകൂടാതിരിക്കുവാൻ
ചുററുപാടുകളെപ്പററി
വേണ്ട ചിന്തകൾ ചെയ്യണം.

45

തിരിവും, മൂലയും, മുക്കും,
മററും കാണുമിടങ്ങളിൽ
ഇടത്തേയരികിൽ ചേർത്തു
മെല്ലെ വണ്ടി നയിക്കണം.

46

"ജീവനിൽ കൊതിയുണ്ടെങ്കി-
ലോടിക്കൊള്ളുക പാന്ഥരേ!"
ഏവം ഭീഷണി കാട്ടിക്കൊ-
ണ്ടോടിച്ചീടരുതാരെയും.

47

മഴക്കാലത്തു വേഗത്തിൽ
വണ്ടിയോടിച്ചു പോവുകിൽ,
ചളിവെള്ളം തെറിച്ചീടും
പാന്ഥന്മാരുടെ മേനിയിൽ.

48

വണ്ടിയോടിച്ചിടുന്നോരിൽ
ചിലരിങ്ങനെ ചെയ്തിടും,
അവർക്കായതു നേരമ്പോ-
ക്കന്യർക്കോ ബഹുദുസ്സഹം

49

അപരന്റെ സുഖത്തേ നാ-
മാദരിക്കണമെപ്പൊഴും;
മൎയ്യാദ പാരിലേവർക്കും
മഹനീയ മഹാധനം.

50

സ്വൈരമായ് സഞ്ചരിച്ചീടാ-
നർഹരാണാരുമെങ്ങുമേ;
വാഹനത്തിലിരിപ്പോരു-
മിക്കാൎയ്യം വിസ്മരിക്കൊലാ.

51

മുൻകുട്ടി ഹോണടിക്കേണം
വിഷമാവസ്ഥ കാണുകിൽ;
ആളുനന്നായടുക്കുമ്പോ-
ളതുചെയ്‌വതബദ്ധമാം.

52

'ഹോൺ' പ്രയോഗത്തിനാൽ മാത്രം
തൃപ്തനാകാതെ വേണ്ടപോൽ,
ഡ്രൈവർതൻ ധർമ്മമെപ്പോഴു-
മോർത്തു വർത്തിച്ചുകൊള്ളണം.

53

'ബ്രെയിക്കിൻ' നിലനോക്കാതെ
വണ്ടിയോടിച്ചിടും പുമാൻ,
അറിഞ്ഞുംകൊണ്ടനർത്ഥത്തിൻ
പാതയിൽ സഞ്ചരിച്ചിടും,

54

അററകുററപ്പണിക്കായോ
മറേറാ കാര നിറുത്തുകിൽ,
റോഡിൻെറ വാമഭാഗത്തു
മാററി ദൂരെ നിറുത്തണം,

55

പെട്രോളൊഴിച്ചിടും നേര-
ത്തെൻജിൻ നന്നായ് നിറുത്തണം
അഗ്നിസാമീപ്യമുള്ളപ്പോൾ
പെട്രോൾ പ്രാണാപഹാരിയാം.

56

‘ലക്കം ലഗാനു’മില്ലാതെ
ധൂമപാനം നടത്തുവോർ,
മോട്ടോറിൽ സഞ്ചരിക്കുമ്പോ-
ളതുചെയ്‌വതധർമ്മമാം.

57

അതുകാരണമായെത്ര
യാത്രക്കാർ ചാമ്പലായിടും;
ദുശ്ശാഠ്യ ലോലുപന്മാരീ-
യകൃത്യം വെടിയേണ്ടതാം.

58

യാത്രക്കാർ വണ്ടിതൻ മുൻപിൽ
പ്രതിബന്ധം വരുത്തുകിൽ,
കാറുവെട്ടിത്തിരിക്കാതെ
ഗതിവേഗം കുറയ്ക്കണം.

59

യാത്രചെയ്യുന്ന മർത്ത്യന്മാ-
രറിയേണ്ടുമവസ്ഥകൾ.
ചിലതെല്ലാമിതിൻകീഴിൽ
കുറിയ്ക്കുന്നു ചുരുക്കമായ്:—

60

മോട്ടോർവണ്ടികളോടുമ്പോൾ
ചാടിക്കേറുകയോ, ജവാൽ
താഴെച്ചാടുകയൊ ചെയ്കാ-
ലതുപാരം വിപൽക്കരം.

61

വണ്ടിയോടുന്ന നേരത്ത-
ങ്ങായതിൻെറ വശങ്ങളിൽ
തൂങ്ങിക്കിടപ്പുതാപത്തിൻ
മുഖ്യകാരണമായ്‌വരും.

62

വാഹനം നീങ്ങിടും ദിക്കി-
ന്നെതിരായ്‌നിന്നിടത്തു കൈയ്
കമ്പിയിൽ പിടികൂടിട്ടു
വലങ്കാൽ വച്ചുകേറണം.

63

വണ്ടിക്കകത്തിരിക്കുമ്പോഴും
കൈയ് പുറത്തേയ്ക്കു നീട്ടൊലാ
വെളിക്കു തലകാട്ടീടി-
ലതു പോകാനെളുപ്പമാം.

64

ഏകാഗ്രചിത്തനായിട്ടു
വാഹനത്തെ നയിക്കവേ,
ഡ്രൈവർതൻ ചിന്ത തെററിക്കും
ചേഷ്ട കാട്ടാതിരിക്കണം.

65

യാത്രചെയ്‌വോർക്കിറങ്ങാനും
കേറാനുമരുതാത്തപോൽ,
ബസ്സിൻെറ വാതിലിൽ ചുററി-
പ്പററി നില്പതനീതിയാം.

66

വാഹനം വേഗമോടുമ്പോ-
ളെത്തും പിടിയുമെന്നിയെ,
അകത്തു നിലകൊള്ളുന്ന-
തതിസാഹസവൃത്തിയാം.

67

വിയർപ്പു ,ചൊറി, യെന്നല്ല
ചുമ, തുമ്മലിവററയാൽ,
സഹയാത്രികരായോർക്കു
ശല്യം ചേർപ്പതു സാഹസം.

68

കുടയോ വടിയോ മൂലം
കൂടെയുള്ളോർക്കൊരിക്കലും
പീഡയുണ്ടാക്കി വയ്ക്കാതെ
പെരുമാറാൻ പഠിക്കണം.

69

പാദാഘാതങ്ങളം, കൈമുട്ടിൻ—
നിർദ്ദയപ്രഹരങ്ങളും,
ഒരുമട്ടിലുമന്യർക്കു
ബാധയാകാതെ നോക്കണം.

70

പൂർണ്ണമായ് വണ്ടി നില്ക്കാതെ
താഴത്താരുമിറങ്ങൊലാ;
ക്ഷമകേട്ട പലപ്പോഴു—
മാപത്തുണ്ടാക്കി വച്ചിടും.

71

ഇനിയും പലതുണ്ടേവം
ചൊല്ലുവാനെന്നിരിക്കിലും,
പ്രാധാന്യക്കുറവെന്നോർത്തു
തള്ളീടുന്നവയൊക്കെയും.

72

റോഡിൽ ചരിക്കുന്നവരോർത്തിടേണ്ടും
വിശിഷ്ട ധർമ്മങ്ങളൊരോന്നിവണ്ണം
ശരിക്കനുഷ്ഠിച്ചുമമൂല്യലോക--
ക്ഷേമം വളർത്താൻ തുനിയട്ടെ ലോകം.

# ബാലസാഹിത്യം

കുട്ടികൾക്കുവേണ്ടി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ ചില നല്ല പുസ്തകങ്ങൾ. നല്ല കടലാസിൽ ഭംഗിയായ അച്ചടി. ആവശ്യാനുസരണം ചിത്രങ്ങളും.

ഗ്രേഡ് 1

| | | | | |
|---|---|---|---|---|
| 1 | ബാലാരാമം | 0 | 3 | 0 |
| 2 | കഥനപാഠങ്ങൾ ഒന്നാംഭാഗം | 0 | 3 | 0 |
| 3 | കഥനപാഠങ്ങൾ രണ്ടാംഭാഗം | 0 | 3 | 0 |
| 6 | ചിത്രകഥാവലി ഒന്നാംഭാഗം | 0 | 3 | 0 |
| 7 | ചിത്രകഥാവലി രണ്ടാംഭാഗം | 0 | 3 | 0 |
| 11 | കണക്കുപാഠങ്ങൾ | 0 | 3 | 0 |

ഗ്രേഡ് 2

| | | | | |
|---|---|---|---|---|
| 4 | കഥനപാഠങ്ങൾ മൂന്നാംഭാഗം | 0 | 4 | 0 |
| 5 | കഥനപാഠങ്ങൾ നാലാംഭാഗം | 0 | 4 | 0 |
| 8 | ചിത്രകഥാവലി മൂന്നാംഭാഗം | 0 | 4 | 0 |
| 9 | കളികൾ | 0 | 4 | 0 |
| 12 | ഫൗണ്ടൻപേന | 0 | 4 | 0 |
| 13 | റോഡ്ഗീത | 0 | 4 | 0 |

ഗ്രേഡ് 4

| | | | | |
|---|---|---|---|---|
| 10 | ജാലവിദ്യകൾ | 0 | 8 | 0 |

ഒന്നു മുതൽ പത്തുവരെ നമ്പരുകൾ ബുക്ക്സെലക്ഷൻ കമ്മററി അംഗീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

മാനേജർ,

**ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ,**

**തുറവൂർ T. C. State.**

ബാലസാഹിത്യം നമ്പർ 13.

E636

# റോഡ്ഗീത

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

4943

പന്തളം
രാഘവപ്പണിക്കർ

ഗ്രേഡ് II